ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) പ്രായോഗികമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി/വർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

130 [293] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ ഈ വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തെ ലംപ്സംഗ്രാന്റ്, മെസ് ഫീ തുടങ്ങി വിവിധ ഇനങ്ങളിൽ എൻജിനീയറിംഗ്, മെഡിക്കൽ എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് എത്ര മാസത്തെ തുക കുടിശ്ശികയുണ്ട് എന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ;

(സി) മാസാമാസം ഗ്രാന്റും, മെസ് ഫീയും കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(ഡി) ഈ അദ്ധ്യയന വർഷത്തെ പഠനോപകരണങ്ങൾ വാങ്ങുന്നതിനുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമ്പത്തിക സഹായം എത്ര ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് തലത്തിൽ അദ്ധ്യയന വർഷാരംഭത്തിൽ ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റും നാലു മാസത്തെ സ്റ്റൈപ്പന്റും അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ആഫീസർമാർക്കും സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കാലതാമസം ഒഴിവാക്കാനായി ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവുകൾ സമയാസമയങ്ങളിൽ വാങ്ങാറുണ്ട്.

(ഡി) പഠനോപകരണങ്ങൾ വാങ്ങുന്നതിനും കൂടി ഉദ്ദേശിച്ച് നൽകിവരുന്ന ലംപ്സംഗ്രാന്റ് ജൂൺ മാസത്തിൽത്തന്നെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly